**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.അനീഷ് മോഹന് ഓഫീസ് ഇതര സമയങ്ങളിൽ ഔദ്യാഗിക കൃത്യനിർവ്വഹണത്തെ ബാധിക്കാതെയും പ്രതിഫലം കൈപ്പറ്റാതെയും വ്യക്തിത്വ വികസനത്തിനുള്ള ക്ലാസ്സുകൾ എടുക്കുന്നതിന് പ്രത്യേകാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ )നം.**2404/2018/തസ്വഭവ** തീയതി,തിരുവനന്തപുരം,11/09/2018

---

പരാമർശം : 1. ശ്രീ.അനീഷ് മോഹന്റെ 30.04.2018 ലെ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടറുടെ 28.06.2018 ലെ ഇ 6-15674/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.അനീഷ് മോഹന് ഓഫീസ് ഇതര സമയങ്ങളിൽ ഔദ്യാഗിക കൃത്യനിർവ്വഹണത്തെ ബാധിക്കാതെയും പ്രതിഫലം കൈപ്പറ്റാതെയും വ്യക്തിത്വ വികസനത്തിനുള്ള ക്ലാസ്സുകൾ എടുക്കുന്നതിന് അനുമതിയ്ക്കായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു

2. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ വ്യാപാരം, വ്യവസായം, മറ്റ് തൊഴിലുകൾ എന്നിവയിൽ നേരിട്ടോ പരോക്ഷമായോ സർക്കാർ ജീവനക്കാരാരും തന്നെ ഏർപ്പെടാൻ പാടില്ലാത്തതാണ്. ഈ ചട്ടത്തിന്റെ ഒന്നാം പ്രൊവിസോ പ്രകാരം കലാ, സാഹിത്യ, സാംസ്കാരിക, ശാസ്ത്ര രംഗങ്ങളിൽ പ്രതിഫലം പറ്റാതെയും ഔദ്യാഗിക കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് അനുവാദം ഉണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്നപക്ഷം അത്തരം പ്രവർത്തനങ്ങളിൽ തുടരാതിരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം പ്രവൃത്തികളിൽ സ്ഥിരമായി ഏർപ്പെടുന്നതിനോ, പ്രസ്തുത പ്രവൃത്തികൾ പ്രതിഫലേച്ഛയോടെയോ, വാണിജ്യാടിസ്ഥാനത്തിലോ നിർവ്വഹിക്കുന്നതിനോ, ക്ലാസ്സുകൾ എടുക്കുന്നതിനു പൊതു അനുമതി നൽകുന്നതിനോ ഉതകുന്ന ചട്ടങ്ങളോ പൊതു ഉത്തരവുകളോ നിലവിലില്ല

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.അനീഷ് മോഹന് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും പ്രതിഫലം പറ്റാതെയും സർക്കാരിനെതിരായ പരാമർശങ്ങൾ നടത്താതെയും വ്യക്തിത്വ വികസനത്തിനുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ നിർദ്ദേശിയ്ക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ.അനീഷ് മോഹൻ, ക്ലാർക്ക്, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(23.07.2018 ലെ Adv B-2/125/2018 ഉഭപവ നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(184/ഇപിഎ 1/2018/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ